പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4010 26.06.2013-ൽ മറുപടിക്ക്

**ഡോക്ടർമാരെ നിയമിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ സർക്കാർ ആശുപത്രികളിൽ വിവിധ കാറ്റഗറിയിലായി എത്ര ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളതെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ; | (എ) കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ വിവിധ കാറ്റഗറിയിലായി നിലവിലുള്ള ഡോക്ടർമാരുടെ തസ്തികകൾ ചുവടെ ചേർക്കുന്നു: |

| | |
|---|---|
| അഡ്മിനിസ്ട്രേറ്റീവ് കേഡർ | 10 |
| സ്പെഷ്യാലിറ്റി കേഡർ | 63 |
| സിവിൽ സർജൻ | 8 |
| അസിസ്റ്റന്റ് സർജൻ | 125 |

| ചോദ്യം | മറുപടി |
|---|---|
| (ബി) സ്ഥിരമായി ഡോക്ടർമാരില്ലാതെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) സ്ഥിരമായി ഡോക്ടർമാരില്ലാതെ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു: |

| | |
|---|---|
| അഡ്മിനിസ്ട്രേറ്റീവ് കേഡർ | 1 |
| സ്പെഷ്യാലിറ്റി കേഡർ | 16 |
| സിവിൽ സർജൻ | 4 |
| അസിസ്റ്റന്റ് സർജൻ | 46 |

ഒഴിവുകൾ അഡ്ഹോക്ക് രീതിയിൽ നികത്തിയിട്ടുണ്ട്.

| ചോദ്യം | മറുപടി |
|---|---|
| (സി) ഐ.പി.യൂണിറ്റുള്ള മിക്ക ആശുപത്രികളിലും സ്ഥിരമായി ചാർജ്ജുള്ള ഡോക്ടർമാരില്ലാത്തതു കാരണം രോഗികളെ | (സി) ഉണ്ട്. |

കിടത്തി ചികിത്സിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഒഴിവുള്ള ഡോക്ടർമാരുടെ തസ്തിക നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

(ഡി) അഡ്മിനിസ്ട്രേറ്റീവ് കേഡറിലേയും, സ്പെഷ്യാലിറ്റി കേഡറിൽ കൺസൾട്ടന്റ് തസ്തികയിലേയും ജനറൽ കേഡറിൽ സിവിൽ സർജൻ തസ്തികയിലേയും ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതാണ്. അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകളിൽ പി.എസ്.സി മുഖേനയും അഡ്ഹോക്ക് വ്യവസ്ഥയിലും ഡോക്ടർമാരെ നിയമിച്ച് സേവനം ലഭ്യമാക്കിയിട്ടുണ്ട്.

Sobha Y

സെക്ഷൻ ഓഫീസർ